മുകളിലോട്ടുള്ള തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനങ്ങൾ സഹകരണ എക്സാമിനേഷൻ ബോർഡ് മുഖേനയുമാണ് നടത്തുന്നത്. ക്ലാർക്ക് തസ്തികയ്ക്കു താഴെയുള്ള തസ്തികകളിലേക്ക് സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് അതാതു സംഘം ഭരണ സമിതിയാണ് നിയമനം നടത്തുന്നത്.

(ഡി) പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സംസ്ഥാന/ജില്ലാ ബാങ്കുകൾ നടപടി സ്വീകരിക്കുന്നുണ്ട്. പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ ബാങ്കുകൾ, പ്രാഥമിക കാർഷിക വികസന ബാങ്കുകൾ എന്നിവയിലെ ഒഴിവുകൾക്ക് പരീക്ഷ നടത്തുന്നതിന് സംസ്ഥാന സഹകരണ എക്സാമിനേഷൻ ബോർഡിനോട് സംഘങ്ങൾ/ ബാങ്കുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നുണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന്റെ മാനദണ്ഡം

144 [598] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് ഏതെല്ലാം തരത്തിലുള്ള വിദ്യാഭ്യാസ യോഗ്യതകളിൽ നിന്നും ഇളവനുദിക്കാറുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് നൽകുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മാനദണ്ഡങ്ങളിൽ നിന്നും വീണ്ടും ഇളവ് അനുവദിക്കാറുണ്ടോ; എങ്കിൽ ഇതിനടിസ്ഥാനമായ വസ്തുതകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് സഹകരണ പരിശീലനത്തിൽ നിന്നും ബിരുദ വിദ്യാഭ്യാസ യോഗ്യതയിൽ നിന്നും സഹകരണ ചട്ടം 185 (8) പ്രകാരം സംഘം ഭരണ സമിതി നൽകുന്ന ഇളവിന് അംഗീകാരം നൽകാറുണ്ട്.

(ബി) ഇത്തരത്തിൽ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് നൽകുന്നതിനുള്ള വ്യവസ്ഥകൾ സഹകരണ സംഘം രജിസ്ട്രാറുടെ 12-4-1989-ലെ 22/89 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി സർക്കുലർ പ്രകാരം മിനിസ്റ്റീരിയൽ/ സൂപ്പർവൈസറി തസ്തികകളിൽ ജോലി നോക്കി വരുന്നവർക്ക് ജെ.ഡി.സി.-യിൽ നിന്നും ഇളവ് ലഭിക്കാൻ 45 വയസ്സും പോഷക വിഭാഗത്തിൽ 5 വർഷത്തെ തുടർച്ചയായ സർവ്വീസും ഉണ്ടായിരിക്കണം. ബിരുദ വിദ്യാഭ്യാസ യോഗ്യതയിൽ നിന്നും ഇളവ് ലഭിക്കുന്നതിന് 45 വയസ്സും ഫീഡർ കാറ്റഗറിയിൽ 5 വർഷത്തെ സേവനവും എസ്.എസ്.എൽ.സി.-യും ജെ.ഡി.സി.-യും ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തും ബാങ്കിന്റെ ഉത്തമ താൽപര്യം കണക്കിലെടുത്തും സംഘം ഭരണ സമിതിയുടെ അപേക്ഷ പ്രകാരം മേൽ നിബന്ധനകളിൽ നിന്നും വീണ്ടും ഇളവ് നൽകുന്നതിന് സർക്കാരിന്റെ 22-3-1989-ലെ ജി.ഒ.(എം.എസ്.) 16/89/സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ട്.

ടി 131-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിലെ തിരിമറി

145 [599] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി 131-ാം നമ്പർ തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്കിലെ കരമന എൻ.എസ്.എസ്. കരയോഗത്തിന്റെ എസ്.ബി. 10941-ാം നമ്പർ അക്കൗണ്ടിൽ തിരിമറി നടത്തിയതു ചൂണ്ടിക്കാട്ടി ആരെങ്കിലും സഹകരണ രജിസ്ട്രാർക്ക് പരാതി നൽകിയിരുന്നോ;

(ബി) എങ്കിൽ ആരാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) പരാതിയിന്മേൽ സഹകരണ രജിസ്ട്രാർ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) പരാതി നൽകിയിരുന്നു.

(ബി) ശ്രീ. എ. നാസർ (കൊല്ലംവിളാകത്തു വീട്, നേമം, തിരുവനന്തപുരം) ശ്രീ. കെ. അജയകുമാർ (വസന്തവിലാസം , കാവല്ലൂർ, തിരുവനന്തപുരം) എന്നിവരാണ് പരാതി നൽകിയിരുന്നത്.

(സി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ ഇക്കാര്യത്തിൽ ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പലിശയില്ലാ വായ്പ നൽകുന്ന സഹകരണ ബാങ്കുകൾ

146 [600] ശ്രീ. ടി. എൻ. പ്രതാപൻ:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:

,, കെ. അച്ചുതൻ:

,, തമ്പാനൂർ രവി:

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലിശയില്ലാ വായ്പ നൽകുന്ന സഹകരണ ബാങ്കുകൾ സംസ്ഥാനത്ത് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly